# ഒരു ആത്മസൗഹൃദത്തിന്റെ ചിത്രം

ഇ. മാധവൻ

ഉറൂബ് ജന്മശതാബ്ദിവർഷം(2014–15) വിവിധതരത്തിലുള്ള അനുസ്മരണങ്ങളാലും മറ്റ് സാഹിത്യ-കലാപ്രവർത്തനങ്ങളാലും സമ്പന്നമായിരുന്നല്ലോ. ഉറൂബ് എന്ന മാന്ത്രികകഥാകാരന് മലയാളിമനസ്സിൽ ശാശ്വതമായുള്ള സ്ഥാനം അടയാളപ്പെടുത്തി വർഷം കടന്നുപോകുമ്പോൾ ഇനിയും എന്തെല്ലാമോ ആഘോഷിക്കാൻ വിട്ടുപോയെന്ന ഒരു തോന്നൽ. വ്യക്തികളും ബന്ധങ്ങളും എങ്ങിനെയെല്ലാം ആ ജീവിതത്തെ അത്യഗാധമായി സ്പർശിച്ചിരുന്നു എന്ന് വേണ്ടത്ര തെളിമയോടെ പഠിക്കപ്പെട്ടുവോ? അനർഘമായ ആ വ്യക്തിത്വവുമായി ചേർന്നു നിൽക്കാൻ ഭാഗ്യം ലഭിച്ചവർ രേഖപ്പെടുത്തിയ രസകരമായ വസ്തുതകൾ ക്രോഡീകരിക്കാനുള്ള ഒരു ശ്രമം നടക്കേണ്ടതല്ലേ? ഉദാഹരണത്തിന്, ഇടശ്ശേരിയുമായി ഉറൂബിന്റെ ബന്ധം പഠനത്തിന് വിഷയമാക്കേണ്ടതാണെന്ന് ആ ആത്മബന്ധത്തിന്റെ ബന്ധുരതയെക്കുറിച്ച് ഉറൂബ് തന്നെ രേഖപ്പെടുത്തിയ കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്.

## "എന്നെ വഴിതിരിച്ച മനുഷ്യൻ"

ഇടശ്ശേരിയുമായുള്ള തന്റെ സൗഹൃദത്തിന്റെ ആഴം ഉറൂബ് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

"എനിക്ക് അക്കാലത്ത് പറയത്തക്ക സാഹിത്യക്കമ്പമില്ല. ഈ നിലക്ക് ഞങ്ങളെ തമ്മിൽ അടുപ്പിച്ചത് സാഹിത്യമാണെന്ന് പറഞ്ഞാൽ അത് നുണയാകും. ദേശീയപ്രസ്ഥാനത്തോടനുബന്ധിച്ചുണ്ടായ ചില പ്രവർത്തനങ്ങളിൽ അടുത്തിടപഴകേണ്ടിവന്നു. നല്ലകാര്യങ്ങൾക്കു വേണ്ടിയും നല്ലവരും കൊള്ളരുതാത്തവരുമായ മനുഷ്യർക്കുവേണ്ടിയും തളരാതെ അദ്ധ്വാനിക്കുന്ന ഈ കുറിയ മനിഷ്യന്റെ സന്നദ്ധതയും കഴിവും എന്നെ വല്ലാതെ ആകർഷിക്കുകയുണ്ടായി.

"അടുത്തിടപഴകുമ്പോൾ കരിമ്പാറക്കെട്ടുപോലെയുള്ള ഈ മനുഷ്യനിൽ നിന്ന് സ്നേഹത്തിന്റെ വറ്റാത്ത നീരുറവ് എന്നിലേക്ക് ഒഴുകുന്നതായി അനുഭവപ്പെട്ടു. ആ ഒഴുക്ക് ദിവസം തോറും ശക്തിമത്തായിത്തീരുകയും എന്റെ ജീവിതത്തിൽ ആകാവുന്നിടത്തോളം പച്ചപ്പുണ്ടാക്കാൻ സഹായിക്കുകയും ചെയ്തു. എന്നെ സാഹിത്യത്തിന്റെ രംഗത്തേക്ക് നയിച്ചത് ഇടശ്ശേരിയാണെന്ന് പറഞ്ഞാൽ അദ്ദേഹം എന്നെ സാഹിത്യരചന പഠിപ്പിച്ചു എന്നല്ല അർത്ഥം; അതിൽക്കവിഞ്ഞ എന്തോ എനിക്ക് പഠിഞ്ഞു എന്നാണ്." (ഇതാ ഒരു കവി)

കവിതാരചനാഭ്രമത്തിൽ ആറാടിയിരുന്ന സാഹിത്യജീവിതത്തിന്റെ തുടക്കത്തിൽത്തന്നെ ഒരു 'വഴിതിരിച്ചുവിടൽ' ഇടശ്ശേരിയിൽ നിന്ന് ഉണ്ടായി എന്ന് ഉറൂബ് അനുസ്മരിച്ചിട്ടുണ്ട്.

"പ്രണയവും വേദാന്തവും കൂട്ടിക്കലർത്തി ഒരുതരം കവിതയുണ്ടാക്കുന്ന ഒരു ഫാഷനുണ്ടായിരുന്നുവല്ലൊ. അത്തരത്തിലൊന്ന് ഞാനും പടച്ചുണ്ടാക്കി. ഇടശ്ശേരി ആ കവിത തിരുത്തിത്തന്നു; ഇങ്ങിനെ അഭിനന്ദിക്കുകയും ചെയ്തു. 'ഇത്തരം ഇരട്ടപ്പരിപ്പുള്ള കവിതയ്ക്ക് രണ്ടു ഗുണമുണ്ട്. അതിനെ എങ്ങിനേയും വ്യാഖ്യാനിക്കാം, ആത്മാർത്ഥതയില്ലാതെ എഴുതുകയും ചെയ്യാം.' പിന്നീട് അങ്ങിനെയൊന്ന് ഞാൻ സൃഷ്ടിച്ചില്ലെന്ന കാര്യം വേറെ.' "

ഈ വഴിതിരിച്ച് വിടൽ എന്ന പ്രക്രിയ സാഹിത്യത്തിൽ മാത്രം ഒതുങ്ങാതെ തന്റെ ജീവിതത്തെ സമഗ്രമായി തന്നെ സ്പർശിച്ചു എന്ന് ഉറൂബ് തന്റെ ലേഖനത്തിൽ ഹൃദയസ്പർശിയായ ലാളിത്യത്തോടും ആർജ്ജവത്തോടും പറഞ്ഞുവെച്ചിരിക്കുന്നു. "ഇങ്ങനെയൊക്കെ പ്രവർത്തിക്കുമ്പോൾ ഇടശ്ശേരി ഞങ്ങളെ കൂടെക്കൊണ്ടു നടക്കുന്നു. ഇതിൽനിന്നെല്ലാം വല്ലതുമൊരു അഗ്നിസ്ഫുലിംഗം എന്റെ ഹൃദയത്തിലും വീണുവോ? അറിഞ്ഞുകൂട. പക്ഷേ, ഇടശ്ശേരിയെ ഈ കാലഘട്ടത്തിൽ കണ്ടെത്തിയില്ലെങ്കിൽ ഞാൻ ഇന്നത്തെ മാതിരിയാകുമായിരുന്നുവോ? എന്റെ ഭാര്യയും കുഞ്ഞുങ്ങളും ഞങ്ങളുടെ കുടുംബാന്തരീക്ഷവും ഇതാകുമായിരുന്നോ?"

## നന്മ ആഘോഷിക്കുന്ന മനസ്സ്

കടപ്പാട് പരസ്യപ്പെടുത്തുമ്പോൾ വാചാലനായിരുന്ന ഉറൂബ് കടംവീട്ടിയിരുന്നത് പക്ഷേ എത്രയും മൗനമായിട്ടായിരുന്നു. ആ കടപ്പാട് അദ്ദേഹം നിറവേ

റ്റിയത് കുടുംബതലത്തിൽ മാത്രം ഒതുങ്ങിയ രീതിയിൽ അല്ലായിരുന്നു. മലയാണ്മയുടെ കവിയെ പൊന്നാനിയുടെ നേർക്ക് തിരിച്ച് പിടിച്ചായിരുന്നു; വലിയ സ്വാധീനശക്തിയോ വ്യാപാരസാമർത്ഥ്യമോ ഇല്ലാതിരുന്ന ഇടശ്ശേരിയുടെ കവിതകളുടെ സമാഹാരം പുറത്തിറക്കാനുള്ള പരിശ്രമത്തിലൂടെയായിരുന്നു. അതിനദ്ദേഹം കണ്ട അവസരമായിരുന്നു ഇടശ്ശേരിയുടെ ഷഷ്ഠിപൂർത്തി. രണ്ടുപേരേയും അടുത്തറിഞ്ഞിരുന്ന പ്രശസ്ത പത്രപ്രവർത്തകനും എഴുത്തുകാരനുമായ ശ്രീ ടി. വേണുഗോപാലക്കുറുപ്പിന്റെ ഓർമ്മക്കുറിപ്പിലേക്ക്:

"ഷഷ്ടിപൂർത്തിയാഘോഷത്തിനു മാസങ്ങൾ മുൻപ് കോഴിക്കോട് ഉറൂബിന്റെ ഉത്സാഹത്തിലും നേതൃത്വത്തിലും മറ്റൊരു പ്രധാന പ്രവർത്തനം നടക്കുന്നുണ്ടായിരുന്നു. ആഘോഷസമയത്ത് ഇറക്കാൻ ഇടശ്ശേരിയുടെ തെരഞ്ഞെടുത്ത കവിതകളുടെ ഒരു സമാഹാരവും ഒരു ഉപഹാരഗ്രന്ഥവും തയാറാക്കാനുള്ള ശ്രമമായിരുന്നു അത്. ഉറൂബ് അതിന് അക്കിത്തം, എൻ.പി. മുഹമ്മദ്, കടവനാട് കുട്ടിക്കൃഷ്ണൻ, എം.ജി.എസ്. നാരായണൻ എന്നിവരടങ്ങിയ ഒരു കമ്മിറ്റിയെ വിളിച്ചുണ്ടാക്കി. എന്നെയും കമ്മിറ്റിയിൽ എടുത്തിരുന്നു. പല ദിവസങ്ങളിലായി ഹോട്ടൽമുറികളിലിരുന്നു ഞങ്ങൾ ആ ജോലി പൂർത്തിയാക്കി. ഇതിന് ഏറ്റവുമധികം പ്രവർത്തിച്ചതും അന്തിമതീരുമാനങ്ങൾ എടുത്തിരുന്നതും ഉറൂബ് തന്നെയാണ്. പക്ഷേ, കവിതകൾ തെരെഞ്ഞെടുത്തവരിൽ അദ്ദേഹം തന്റെ പേർ ഉൾപ്പെടുത്തിയില്ല. ഗ്രന്ഥം വന്നപ്പോഴാണ് ഞങ്ങൾ അക്കാര്യം കാണുന്നത്. തന്റെ സ്വാധീനം ഉപയോഗിച്ചു കറന്റ് ബുക്സിനെക്കൊണ്ട് അത് അച്ചടിപ്പിച്ചു തയാറാക്കിയത് അദ്ദേഹമാണ്; അതേപോലെ തന്നെ 'ഇതാ ഒരു കവി' എന്ന ഉപഹാരഗ്രന്ഥവും. വലുതല്ലെങ്കിലും 'കവി പല കാഴ്ചപ്പാടുകളിലൂടെ', 'കൃതികളെപ്പറ്റി', 'ഇടശ്ശേരി എന്ന മനുഷ്യൻ' എന്നീ മൂന്നു ഭാഗമായി സംവിധാനം ചെയ്ത ആ ഗ്രന്ഥം ഇടശ്ശേരിയെക്കുറിച്ചുള്ള ഒരു സമഗ്രപഠനം എന്ന നിലയ്ക്കു വിലപ്പെട്ടതുതന്നെയാണ്. അന്നത്തെ പ്രമുഖരായ പല എഴുത്തുകാരും അതിൽ പങ്കെടുത്തിരുന്നു."

ലാളിത്യത്തിലും വിനയത്തിലും നിഷ്ക്കർഷ പുലർത്തിയ ഇടശ്ശേരിയെ, മുന്നറിയിപ്പുണ്ടായിരുന്നെങ്കിൽ ഒരിക്കലും വഴങ്ങുമായിരുന്നില്ലാത്ത, ഒരു ഘോഷയാത്രയോടെ സമ്മേളന സ്ഥലമായിരുന്ന എ.വി. ഹൈസ്കൂളിലേക്ക് ആനയിപ്പിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചതും ഉറൂബിന്റെ സ്നേഹോഷ്മളമായ മനസ്സായിരുന്നു. ആ സംഭവം അല്പ്പം നർമ്മം ചാലിച്ച് വേണുക്കുറുപ്പ് അവതരിപ്പിക്കുന്നു:

"മുന്നോട്ടുപോകുന്തോറും ജാഥയ്ക്കു പുഷ്ടി കൂടി വന്നു. തങ്ങൾ കാണുന്ന ഈ സാധാരണക്കാരന് ഇത്രയും യോഗ്യതയോ! വയലിലൂടെയും ഇടവഴിയിലൂടെയും റോഡിലൂടെയും ഉള്ള ആനയിപ്പുകാണാൻ മാളികവീടുകളിൽ നിന്നും ചെറ്റപ്പുരകളിൽനിന്നും ആളുകൾ ഓടിക്കൂടി. ഇതിനിടയ്ക്ക് കോൺഗ്രസ് നേതാവ് സി. ചോയുണ്ണിയും പി.ടി. ഭാസ്കരപ്പണിക്കരും ഘോഷയാത്രയുടെ നേതൃത്വം ഏറ്റെടുത്തിരുന്നു. ജാഥ തൃക്കാവിലേക്കു കടന്നപ്പോൾ സംഗതി വലിയ സെൻസേഷൻതന്നെയായി.

ടി.ബിയിൽ സമ്മേളനാധ്യക്ഷനായ കേളപ്പൻ, ഉദ്ഘാടകനായ ജി. ശങ്കരക്കുറുപ്പ്, സ്വാഗതസംഘാധ്യക്ഷനായ വി.ടി. ഭട്ടതിരിപ്പാട് എന്നിവർ വിശ്രമിക്കുന്നുണ്ടായിരുന്നു. അവിടന്നു മുതൽ അവരുടെ നേതൃത്വത്തിലായി ഘോഷയാത്ര. നിരത്തു കവിഞ്ഞൊഴുകിയ ആ ഘോഷയാത്രയെ സ്വീകരിക്കാൻ പൊന്നാനി എ.വി. ഹൈസ്കൂൾ ഒരുങ്ങിനിൽക്കുകയായിരുന്നു. അക്കിത്തം, കടവനാട് കുട്ടികൃഷ്ണൻ, സ്വാഗതസംഘം സെക്രട്ടറി കൊളാടി ഗോവിന്ദൻകുട്ടി, ടി.കെ. ത്രേസ്യ തുടങ്ങിയവർ അതിനു നേതൃത്വം വഹിച്ചുനിന്നു. പുഞ്ചിരിയോടുകൂടി നിൽക്കുന്ന ഇടശ്ശേരിയുടെ പൂർണകായചിത്രം കവാടത്തിലുണ്ടായിരുന്നു. ഇടശ്ശേരിയും ഭാര്യയും പ്രമുഖാതിഥികളും താലപ്പൊലിയോടെ സ്വീകരിക്കപ്പെട്ടു. പൊന്നാനിയിൽ മുൻപ് അത്ര വലിയ ഒരു സാഹിത്യോത്സവം നടന്നിട്ടില്ല. കേളപ്പന്റെയും ജിയുടെയും വി.ടിയുടെയും സാന്നിധ്യം. ........."

ഉറൂബിന്റെ സംഘടനാസാമർത്ഥ്യത്തിന്ന് മകുടോദാഹരണമായിരുന്നു പൊന്നാനി ഒരിക്കലും മറക്കാത്ത മൂന്നു നാൾ നീണ്ടു നിന്ന സാഹിത്യോത്സവം. ആ ദീർഘവീക്ഷണത്തിന്ന് കടപ്പെട്ടിരിക്കുന്നു, ഇടശ്ശേരിയുടെ തിരഞ്ഞെടുത്ത കവിതകളുടെയും ഇതാ ഒരു കവി എന്ന ഉപഹാരഗ്രന്ഥത്തിന്റേയും പ്രസാധനം.

## എഴുത്തിലെ സാന്മാർഗ്ഗികത

രചനയുടെ കാര്യത്തിൽ ഉറൂബ് പുലർത്തിയിരുന്ന സന്മാർഗ്ഗനിഷ്ഠക്ക് നിദർശനമായി ടി. വേണുഗോപാലക്കുറുപ്പിന്റെ ഓർമ്മക്കുറിപ്പിൽ രസകരമായ ഒരു സംഭവം വിവരിക്കുന്നു.

'ഇടശ്ശേരിയും പി.സി. കുട്ടിക്കൃഷ്ണനനും (ഉറൂബ്) ഞങ്ങൾ ഏതാനും പേരും തിരുനാവായപ്പുഴയുടെ നീർച്ചാലും മണപ്പുറവും രാവിലെ മുതൽ തപ്പുകയാണ്. തലേന്നു രാത്രി പൊന്നാനി താലൂക്ക് കേന്ദ്ര കലാസമിതിയുടെ വാർഷിക സമ്മേളനം കലാപരിപാടികളോടെ കഴിഞ്ഞതേയുള്ളു. നാടകത്തിലെ നടിക്ക് അണിയാൻ ഒരു മാല വേണം. അടുത്തുള്ള ഒരു വീട്ടിൽനിന്ന് എന്റെ അമ്മാമൻ ഗോപാലക്കുറുപ്പിന്റെ പരിചയത്തിൽ ഒരു മാല ഇരവുവാങ്ങി. രാത്രി നാടകം കഴിഞ്ഞു നടി അതു ധരിച്ചുതന്നെ ഉറങ്ങി. രാവിലെ പുഴയിൽ പോയി കുളിച്ചു. തിരിച്ചുവന്ന് ഈറൻ മാറ്റുമ്പോൾ മാല കാണാനില്ല. പുഴയിൽ വീണുപോയിരിക്കും. അതാണു ഞങ്ങൾ തപ്പിക്കൊണ്ടിരുന്നത്. വെയിലിനു നല്ല ചൂടായി. എത്ര തെരഞ്ഞിട്ടും മാല കാണുന്ന ലക്ഷണമില്ല. അവസാനം എങ്ങനെയെങ്കിലും പണമുണ്ടാക്കി വീട്ടുകാർക്കു കൊടുക്കാമെന്നു നിശ്ചയിച്ചു. അങ്ങനെ ഉറൂബിന്റെ നേതൃത്വത്തിൽ വീട്ടിൽചെന്ന് ക്ഷമാപണത്തോടെ സംഗതി വിവരിച്ചു. ഗൃഹനാഥൻ പറയുകയാണ്. "അയ്യോ, പണമോ! അത് ഒരു മുക്കുപണ്ടമായിരുന്നു. അതിനു കാശൊന്നും വേണ്ട." എല്ലാവരും ആശ്വാസത്തോടെ, അദ്ഭുതത്തോടെ തിരിച്ചുപോന്നു.

ഒരു സ്ഥലത്ത് ഇരുന്നുകഴിഞ്ഞപ്പോൾ, ഇടശ്ശേരി പി.സിയോട്: "എടോ, തനിക്ക് ഒരു നല്ല കഥ എഴുതാൻ വകയായി."

പി.സി: "കഥ നന്ന്. എഴുതാമായിരുന്നു. പക്ഷേ, ആണുങ്ങൾ അതു കുറെ മുൻപെ എഴുതിപ്പോയി."

ഇടശ്ശേരിക്കു മനസ്സിലായില്ല. പി.സി. സംഗതി വിവരിച്ചു. ഫ്രഞ്ച് സാഹിത്യകാരനായ മോപ്പസാങ്ങിന്റെ 'കൃത്രിമ രത്നങ്ങൾ' എന്ന കഥ. ഒരു പാർട്ടിക്കു പോവാൻ ഒരു പെൺകുട്ടി അയൽവീട്ടിൽനിന്ന് ഒരു രത്നമാല കടം വാങ്ങിയതും അതു കൈമോശം വന്നപ്പോൾ വളരെ കഷ്ടപ്പെട്ട് പണം ഉണ്ടാക്കി പുതിയ മാല വാങ്ങിച്ചെന്നും താൻ തന്നതു കൃത്രിമ രത്നങ്ങളായിരുന്നുവെന്നു പറഞ്ഞു വീട്ടുടമ സമാധാനിപ്പിച്ചതുമായ പ്രസിദ്ധമായ കഥ.

പിന്നീട് ഈ സംഭവം ഓർക്കുമ്പോൾ, സാഹിത്യമോഷണക്കുറ്റാരോപണത്തിന് ഇരയാവുന്ന എഴുത്തുകാർ പറയാറുള്ള ഔദ്ധത്യത്തോടുകൂടിയ ഒഴികഴിവിനെപ്പറ്റി ഞാൻ ആലോചിക്കാറുണ്ട്. സ്വന്തം അനുഭവം എഴുതിയതാണെന്നാവും സമാധാനം. പി.സിക്കും കഥ എഴുതി, ഇത്തരം ആരോപണങ്ങൾ വരുമ്പോൾ, സ്വന്തം അനുഭവമാണെന്നു പറഞ്ഞുനിൽക്കാമായിരുന്നു. പി.സി. അതിനൊന്നും വഴിവച്ചില്ല. തനിക്ക് അങ്ങനെ ഒരു കഥയുടെ പെരുമ വേണ്ടെന്ന് അദ്ദേഹം നിശ്ചയിച്ചു.' (ഉറൂബ് എന്ന നടൻ – ഭാഷാപോഷിണി സെപ്റ്റമ്പർ 2001)

ഉറൂബ് മംഗളോദയത്തിലെത്തുന്നതിനു മുമ്പ് പല ജോലികളും സ്വീകരിച്ചിരുന്നു. സ്കൂൾ പഠിത്തം കഴിഞ്ഞ് കുറച്ചു കാലം നാട്ടിൽ തന്നെയായിരുന്നു. അതിനു ശേഷം അദ്ദേഹം തെന്നിന്ത്യയിൽ പലയിടത്തും അലഞ്ഞു. പല ജോലികളും സ്വീകരിച്ചു. കമ്പൗണ്ടർ തൊട്ട് പ്രൂഫ് റീഡർ വരെയുള്ള ജോലികൾ. ടീ എസ്റ്റേറ്റിലും കുറേ കാലമുണ്ടായിരുന്നു. അക്കാലത്ത് എഴുതിയവയെല്ലാം നീലഗിരിയുടെയും അവിടെ എസ്റ്റേറ്റുകളിൽ അടിഞ്ഞുകൂടുന്ന പാവപ്പെട്ടവരുടെയും കഥകളായിരുന്നു. എല്ലാം കഴിഞ്ഞാണ് മംഗളോദയത്തിലെത്തിയത്. അവിടെനിന്നാണ് ചങ്ങമ്പുഴയെയും മുണ്ടശ്ശേരിയെയും സി.ജെ. തോമസ്സിനേയും ബഷീറിനെയും മറ്റും പരിചയപ്പെടുന്നത്. മംഗളോദയത്തിലെത്തുന്നതിനു വളരെ മുമ്പു തന്നെ അദ്ദേഹം കവിതയെഴുത്തു നിർത്തി കഥകളിലേയ്ക്കും നോവലിലേയ്ക്കും ചേക്കേറിയിരുന്നു.

നാടു വിടുന്നതിനുമുമ്പ് പൊന്നാനിക്കളരിയിലെ സജീവാംഗമായിരുന്നു ഉറൂബ്. ഇടശ്ശേരി അദ്ദേഹത്തെപ്പറ്റി പറയുന്നത് ഇങ്ങിനെയാണ്. 'തലയിൽ ചുമക്കാവുന്നതിലും കൂടുതൽ വേദാന്തത്തിന്റെ ഭാരം കയറ്റിവെച്ച് നടക്കാറുള്ള ഒരു വിദ്യാർത്ഥിയെ പരിചയപ്പെട്ടു.' അതിനുശേഷം ആ വിദ്യാർത്ഥിയും ഇടശ്ശേരിക്കളരിയിലെ അംഗമായി.

ഉറൂബിന്റെ പിൽക്കാലത്തെഴുതിയ പല കഥകളിലും കഥാപാത്രങ്ങളായിരുന്നത് ഇടശ്ശേരി, ടി. ഗോപാലക്കുറുപ്പ്, അക്കിത്തം തുടങ്ങിയവരായിരുന്നു. കുഞ്ഞ

മ്മയും കൂട്ടുകാരും, ഗോപാലൻ നായരുടെ താടി, മൗലവിയും ചങ്ങാതിമാരും, പതിനാറാമത്തെ മെമ്പർ, അങ്ങിനെ പോകുന്നു ഈ കഥകൾ. ഉറൂബിന്റെ അഭിനയത്തെപ്പറ്റി ഏറെ പറയാറുണ്ട്. പലരും എഴുതിയതുകാരണം ഇവിടെ ആവർത്തിക്കുന്നില്ല. ഒന്നു മാത്രം പറയാം ഇടശ്ശേരിയുടെ 'കൂട്ടുകൃഷി' എന്ന നാടകത്തിന്റെ വിജയത്തിന് ഉറൂബിന്റെ അബൂബക്കർ ഒരു പ്രധാന ഘടകമായിരുന്നു. ഉറൂബിന്റെ 'സുന്ദരികളും സുന്ദരന്മാരും' എന്ന ശീർഷകത്തിന് പ്രചോദനമായത് ഇടശ്ശേരിയുടെ 'സൗന്ദര്യാരാധന' എന്ന കവിതയിലെ 'മർത്ത്യൻ സുന്ദരനാണ് കാരണമുയിർക്കൊള്ളും വികാരങ്ങൾതൻ നൃത്യത്തിനുമുതിർക്കുവാൻ സ്വയമണിഞ്ഞിട്ടോരരങ്ങാണവൻ....' എന്നീ വരികളാണ്. ഇങ്ങിനെ ഉറൂബും ഇടശ്ശേരിയും കൂടിയുള്ള ആത്മബന്ധം വിവരിക്കാൻ ഒരു പുസ്തകം തന്നെ വേണ്ടിവരും.

വിലമതിക്കാനാവാത്ത ഓർമ്മക്കുറിപ്പുകൾ സമ്പാദിച്ച് പ്രസിദ്ധീകരിക്കുന്നത് പിൽക്കാലത്ത് സാഹിത്യഗവേഷകർക്കും വിദ്യാർത്ഥികൾക്കും വളരെ പ്രയോജനപ്പെടും എന്ന് സംശയമില്ല. ഉറൂബ് ജന്മശതാബ്ദി ആചരണത്തിന്റെ ഭാഗമായി ഇക്കാര്യത്തിൽ പ്രസാധകരുടെ ശ്രദ്ധ പതിയുമെന്ന് ആശിക്കട്ടെ. കാലത്തിന്റെ ഒഴുക്കിൽപ്പെട്ട് ആധികാരികമായ ഓർമ്മക്കുറിപ്പുകൾ നഷ്ടമാകുമ്പോൾ അവയുടെ സ്ഥാനം കയ്യടക്കുന്നത് കേട്ടുകേൾവികളും അഭ്യൂഹങ്ങളുമായിരിക്കും. അത് ഒഴിവാക്കേണ്ടതല്ലേ?